പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5307 01.07.2014-ൽ മറുപടിയ്ക്ക്

# പ്രസരണ സംവിധാനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഗുണനിലവാരമില്ലാത്ത സാധന സാമഗ്രികൾ ഉപയോഗിക്കുന്നതുമൂലം പലപ്പോഴും വൈദ്യുതി പ്രസരണത്തിൽ ചോർച്ചയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പ്രസരണ മേഖലയിൽ സാധന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് അവ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ആയതിനാൽ, സാധന സാമഗ്രികളുടെ ഗുണനിലവാരമില്ലായ്മ മൂലം വൈദ്യുതി ചോർച്ചയുണ്ടാകുന്നില്ല. |
| (ബി) പ്രസരണത്തിനായി ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ ഗുണമേന്മ ഉറപ്പാക്കാനും പ്രസരണ സംവിധാനം ശക്തിപ്പെടുത്താനുമുള്ള പദ്ധതിക്ക് രൂപം നൽകുമോ ? | (ബി) സാധന സാമഗ്രികളുടെ ഗുണമേന്മ ഉറപ്പാക്കാൻ ഡെസ്പാച്ച് ക്ലിയറൻസ് കൊടുക്കുന്നതിന് മുമ്പ് ബോർഡിലെ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥർ നിർമ്മാണ സ്ഥലത്ത് ചെന്ന് സാധനങ്ങൾ ടെസ്റ്റ് ചെയ്ത് ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ, സാധനങ്ങൾ ബോർഡിന്റെ സ്റ്റോറുകളിൽ എത്തികഴിഞ്ഞാൽ ഇവ ഉപയോഗിക്കുന്നതിന് മുൻപ് ഒന്നുകൂടി ടെസ്റ്റ് ചെയ്യുന്നു. 75 ലക്ഷത്തിൽ കൂടുതൽ വിലയുള്ള സാധനങ്ങൾ ദ്വിതല ടെണ്ടർ വഴി ഗുണമേൻമ ഉറപ്പുവരുത്തിയ കമ്പനികളെ പങ്കെടുപ്പിച്ചുകൊണ്ടാണ് വാങ്ങുന്നത്. ഗുണനിലവാരം ഉറപ്പ് വരുത്താൻ ഐ.എസ്.ഐ അംഗീകാരവും മറ്റുമുള്ള കമ്പനികളെ മാത്രമാണ് ടെണ്ടറിൽ പങ്കെടുപ്പിക്കുന്നത്.<br><br>സാധന സാമഗ്രികളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനം പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.